# വചന വിചിന്തനം : ജനുവരി 11 ഞായർ, 2009

**ലൂക്കാ 4: 14-22**

''കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്......''

''ദനഹാ'' അഥവാ ''പ്രത്യക്ഷീകരണ''ത്തിന്റെ പശ്ചാത്തലത്തിൽ, പ്രാവിന്റെ രൂപത്തിൽ, ആകാശം തുറന്ന് യേശുവിന്റെ മേൽ ആവസിക്കുന്ന ആത്മാവിന്റെ മഴപെയ്ത്തിൽ നിന്നു തുടങ്ങണം ഇന്നത്തെ സുവിശേഷ വിചാരങ്ങൾ.

പിതാവിന്റെ പ്രസാദമാണ് പുത്രനിൽ നിറയുന്ന ദൈവാത്മാവ്. സ്വർഗ്ഗം തന്നെ അതു സാക്ഷ്യപ്പെടുത്തുന്നുണ്ട്;

''നീ എന്റെ പ്രയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു''. പരിശുദ്ധാത്മാവ് പിതാവിന്റെ സ്നേഹമാണ്. ആത്മാവ് എന്ന ഈ സ്നേഹത്തിന്റെ മുദ്രചാർത്തിക്കൊണ്ട് പിതാവ് പുത്രനെ തന്റെ ദൗത്യത്തിനായി ഒരുക്കുകയാണ്- തൊട്ടുമുൻപിലുള്ള പരീക്ഷണങ്ങളുടെ മരുഭൂമിയും അതിനുമപ്പുറം കദനത്തിന്റെ കാൽവരിയുമൊക്കെ ഇടറിവീഴാതെ നടന്നു കയറാൻ.

''നീ എന്റെ പ്രിയപുത്രനല്ലേ'' എന്ന പിതാവിന്റെ ഈ ഓർമ്മപ്പെടുത്തലിലെ സ്നേഹാനുഭവം തന്നെയാണ് ഒടുവിൽ, രക്തം ചിതറിയ അവന്റെ കുരിശിൽ, ജീവന്റെ അവസാനത്തെ തുടുപ്പിൽ ''പിതാവേ, ഇതാ അങ്ങേ തൃക്കരങ്ങളിലേക്ക് എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' എന്നു പറയാൻ ഈശോയ്ക്കു കരുത്താകുന്നതും.

പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ആത്മാവിന്റെ നിറവു ലഭിച്ച ഈശോ (ഏശയ്യാ 61:1-2). നസ്രത്തിലെ സിനഗോഗ് ഈശോയുടെ ഈ ആത്മബോധത്തിന്റെ വെളിപാടിന്റെ ഭൂമികയാവുകയാണ്... അതുകൊണ്ടാണ് തന്റെ ദൗത്യത്തെകുറിച്ചുള്ള മുഖമൊഴിയിൽ അവന്റെ ഹൃദയത്തിൽ അഗ്നിയായി ആളുന്ന ഈ തീഷ്ണത അവൻ ഇങ്ങനെ പങ്കുവയ്ക്കുന്നത് - ''കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്..'' പിതാവിന്റെ ഈ സ്നേഹാനുഭവത്തിൽ ഏഴുതവണ മുങ്ങി നിവർന്നവൻ, പിന്നീട് വിളമ്പുന്നത് മുഴുവൻ ഈ സ്നേഹത്തിന്റെ പ്രസാദമാണ്..

- ദരിദ്രരെ സുവിശേഷമറിയിക്കാൻ..
- ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നല്കാൻ...
  അന്ധർക്കു കാഴ്ച നല്കാൻ...
- കർത്താവിനു സ്വീകാര്യമായ വൽസരം പ്രഖ്യാപിക്കാൻ..

അവൻ അറിയിച്ച നല്ല വിശേഷം ദൈവം നിന്നെ സ്നേഹിക്കുന്ന പിതാവാണ് എന്നതാണ്. സ്നേഹിക്കുന്നു എന്നാൽ ആത്മാവുകൊണ്ട് അഭിഷേകം ചെയ്യുന്നു എന്നു തന്നെ;

അങ്ങനെ ആത്മാവിന്റെ മുദ്രപേറുന്നവൻ എല്ലാ ബന്ധനങ്ങളെയും തകർക്കാൻ കഴിവുള്ളവനാകുന്നു.

പ്രലോഭനത്തിന്റെ മരുഭൂമി അവനു മുമ്പിൽ വച്ചു നീട്ടിയ ഇഷ്ടങ്ങളെയെല്ലാം ഈശോ തട്ടി മാറ്റി; മാത്രമല്ല അങ്ങനെയുള്ള ചെറിയ ഇഷ്ടങ്ങൾക്കുവേണ്ടി സ്വയം വില്കാതിരിക്കാൻ അവൻ എല്ലാവരെയും സ്നേഹപൂർവ്വം നിർബന്ധിച്ചു;

സമറിയക്കാരിയോട് - എത്ര കുടിച്ചാലും ദാഹം ശമിപ്പിക്കാത്ത മാംസത്തിന്റെ ഇഷ്ടങ്ങൾക്കു വിട്ടുകൊടുക്കാതിരിക്കാൻ;

സക്കേവൂസിനോട് - ഉച്ഛ്വാസത്തിന്റെ ഭാഗമായ മടിശ്ശീലയെയും കണക്കു പുസ്തകങ്ങളെയും മരക്കൊമ്പിൽ ഉപേക്ഷിച്ച് രക്ഷയുടെ ഭവനത്തിലേക്കു വരുവാൻ..

നഥാനയേൽ - എന്ന മനുഷ്യനെ ക്ഷണിച്ചുകൊണ്ട് കണ്ണുകളിലേക്ക് നോക്കിയല്ല ഹൃദയത്തിന്റെ ആത്മാർത്ഥതയിൽ നോക്കി വിലയിരുത്താൻ കഴിവുള്ളവനാകണം എന്ന് ആഗ്രഹിച്ചുകൊണ്ട്..

നിങ്ങളുടെ താൽപര്യങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്ക് വരാൻ..

കർത്താവിന്റെ ആത്മാവ് അകകണ്ണുകളെ പ്രകാശിപ്പിച്ച് കാഴ്ചകളെ വികലമാക്കുന്ന അന്ധത അകറ്റുന്നുണ്ട്;

ശരീരത്തിന്റെ കാമനകൾകൊണ്ട് മസ്സിൽ ഇരുട്ടു നിറച്ചിരിക്കുന്ന ഈ കാലത്തോടാണ് ഈ വചനം സംവദിക്കേണ്ടത്.

''നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണ്.. ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്ന് നിങ്ങൾ അറിയുന്നില്ലേ (1 Cor.3:16, Gal.4:6) പിന്നെ എന്നാണ് ദൈവത്തിന്റെ ആലയത്തിലെ ആത്മാവിന്റെ ആഗ്നി കെട്ടുപോയതും ഹൃദയം ആസക്തിയുടെ ഒരു ചുടലപ്പറമ്പായതും..

ഉല്പത്തി പുസ്തകത്തിൽ സോദോം നഗരത്തിൽ കന്മമഴപെയ്യുന്നതിനു മുമ്പ് ഇങ്ങനെയൊരു വിവരണം.. നഗരത്തിൽ എത്തുന്ന ദൈവദൂതരുമായി സംഗമിക്കാൻ മുറവിളി കൂട്ടുന്ന ജനം ലോത്തിനോട് കയർക്കുകയാണ്.. ദൈവദൂതരോടു പോലും ശരീരത്തിന്റെ കാമനകളുമായി ബന്ധപ്പെടുത്തി ചിന്തിക്കുന്ന ജനം!. ഒരു കുഞ്ഞ്.. ദൈവത്തിന്റെ ദൂതറിയിക്കുന്ന നിഷ്കളങ്കതയല്ലാതെ എന്താ? ആ കുഞ്ഞിനെപ്പോലും കാമത്തിന്റെ അഗ്നിയിൽ പൊള്ളിക്കുന്ന ഈ കാലഘട്ടത്തിന്റെ കണ്ണിൽ നിന്റെ ആത്മപ്രസാദം കൊണ്ട് അഞ്ജനമെഴുതി വെളിച്ചം നല്കണേ എന്നു പ്രാർത്ഥിക്കുക.

അടിച്ചമർത്തപ്പെടുന്നവന്റെ ജീവിതാനുഭവങ്ങളിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നത് കർത്താവിന്റെ ആത്മാവ് - എന്ന സ്നേഹാനുഭവമാണ്.

ജോബ്; എല്ലാം നഷ്ടപ്പെടുമ്പോഴും, ഭാര്യപോലും ദൈവത്തെ ശപിക്കാൻ പ്രേരിപ്പിക്കുമ്പോഴും... ഒടുവിൽ ശരീരത്തിന്റെ വ്രണങ്ങളെ ചികയുമ്പോഴും.. ഒരുൾവെട്ടമുണ്ട് ആ മനുഷ്യന് - ദൈവം തന്നു, ദൈവം എടുത്തു.. ആ നാമം മഹത്വപെടട്ടെ എന്നു പറയാൻ. നീ എന്റെ പ്രിയപുത്രനല്ലേ എന്ന ദൈവത്തിന്റെ ആശ്ലേഷമാണത്.

കർത്താവിനു സ്വീകാര്യമായ വൽസരം പ്രഖ്യാപിക്കുന്ന ആത്മാഭിഷേകത്തെപ്പറ്റി;

ക്ലാര പുണ്യവതി: ഭർത്താവ് ക്രൂരമായി കൊല ചെയ്യപ്പെട്ടു. രണ്ടു പറക്കമുറ്റാത്ത കുട്ടികൾ. ഭർത്താവിനെ അടക്കി തിരികെ പള്ളിമുറ്റത്തു വന്ന് അൾത്താരയിലേക്ക് നോക്കി നെടുവീർപ്പിടുകയാണ്. വിരൽത്തുമ്പിലെ കുഞ്ഞുങ്ങൾ അമ്മയുടെ കണ്ണു നനയുന്നതു കണ്ട് ആശ്വസിപ്പിക്കുകയാണ്; സാരമില്ല അമ്മേ, ഞങ്ങൾ വലുതാകുമ്പോൾ അപ്പനെ കൊന്നവരെ ഞങ്ങൾ കൊല്ലും!

ഒരു നിമിഷം  നടുങ്ങുകയാണ് പുണ്യവതി. കുഞ്ഞുങ്ങളുടെ മനസ്സിൽ തീ കോരിയിട്ട സങ്കടങ്ങൾ. പക്ഷേ, കയ്യ് ഉയർത്തി നെഞ്ചുരുകി അവൾ ദൈവത്തോട് പറയുകയാണ്.. പിതാവേ ഒരിക്കലും ഇതിന് എന്റെ കുഞ്ഞുങ്ങളെ അനുവദിക്കരുതേ. അഥവാ വലുതാകുമ്പോൾ എന്റെ കുഞ്ഞുങ്ങൾ  അവരുടെ അപ്പന്റെ കൊലപാതകത്തിന് പ്രതികാരം ചെയ്യാൻ ഇടയുണ്ടെങ്കിൽ അതിന് മുമ്പ് അവരെ അങ്ങു വിളിക്കണേ...

അമ്മയുടെ അർത്ഥന വിൺവാക്കായില്ല.. പ്രതികാരം ചെയ്യാൻ ആകുവോളം കുഞ്ഞുങ്ങൾ വലുതായില്ല.. അവരുടെ നിഷ്കളങ്കതയോടെ ദൈവം അവരെ സ്വന്തമാക്കി..

കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്നേഹത്തിന്റെ വ്യവസ്ഥിതി നിലനില്ക്കും.. സ്നേഹം എല്ലാം ക്ഷമിക്കുന്നു.. എല്ലാം സഹിക്കുന്നു – ഒരു കുന്നോളം സങ്കടങ്ങളെപ്പോലും.

**ഫാ. അലക്സ് വേലച്ചേരിൽ**